2024
JANUARY
05
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കേരളം സംരംഭക സൗഹൃദ സംസ്ഥാനമായി



**കൊച്ചി:** കാലാനുസൃതമായ മാറ്റങ്ങളിലൂടെ കേരളം സംരഭക സൗഹൃദ സംസ്ഥാനമായി മാറുകയാണെന്ന് വ്യവസായ, നിയമ കയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു.മിഷൻ1000 പദ്ധതിയുടെ ആദ്യഘട്ട ഉദ്ഘാടനവും ഓൺലൈൻ പോർട്ടൽ ലോഞ്ചിംഗും തിരുവനന്തപുരത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.സംസ്ഥാനത്തെ 1000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ഒരു ലക്ഷം കോടി രൂപ മൊത്തം വാർഷിക വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്താൻ ലക്ഷ്യമിട്ടുള്ള മിഷൻ 1000 സംരംഭത്തിന് കേരള സർക്കാർ അംഗീകാരം നൽകിയത് ഇതിന്റെ ഭാഗമായാണ്. അപേക്ഷ തള്ളിപ്പോയവർക്ക് ഒരു തവണ കൂടി അവസരമുണ്ടായിരിക്കും. 250 പേരെയെങ്കിലും ഈ വർഷം സംരഭകരെന്ന നിലയിൽ കൈ പിടിച്ചുയർത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഒരോതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഇന്റേണുകളെ നിശ്ചയത്തിലൂടെ സംരഭകവർഷം പദ്ധതി വിജയകരമായി.സ്ത്രീ സംരഭങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണത്തിൽ സ്ത്രീകളാകും കൂടുതൽ എന്നതിനാൽ തന്നെ പ്രത്യേക പരിഗണനയാണ് സ്ത്രീ സംരഭങ്ങൾക്ക് നൽകുന്നതെന്നും മന്ത്രി പറഞ്ഞു.കൊച്ചിയിൽ ഐ ബി എം നടത്തിയ നിക്ഷേപത്തിലൂടെ ആർട്ടിഫിഷ്യൽ ഇൻറലിജൻസടക്കമുള്ള മേഖലകളിൽ ഉയർന്ന വേതനം ലഭ്യമാകുന്ന തൊഴിലുകൾ ഉറപ്പാക്കുകയാണ്. ഇത്തരത്തിൽ കൂടുതൽ സ്ഥാപനങ്ങൾ കേരളത്തിലേക്കെത്തുന്നു. ഇതോടൊപ്പംഎല്ലാ ഗ്രാമപഞ്ചായത്തിലും വ്യവസായ എസ്റ്റേറ്റ്,ഒരോ പഞ്ചായത്തിലും ഒരുൽപ്പന്നം,പഞ്ചായത്ത് തല സംരഭക സംഗമം എന്നിവ നടപ്പിലാക്കും.22 മുൻഗണന ഘടകങ്ങൾ നിശ്ചയിച്ച് നൂതനാശയങ്ങൾ പ്രാവർത്തികമാക്കാനാണ് ശ്രമിക്കുന്നത്.രാജ്യത്തെ മെഡിക്കൽ ഡിവൈസ് വ്യവസായ കമ്പനിയുടെ 20 ശതമാനം കേരളത്തിലാണ്.ഫൈവ്,ഫോർ,ത്രീ സ്റ്റാർ അംഗീകാരമുള്ള ഹോട്ടലുകൾ ഏറ്റവും കൂടുതലും കേരളത്തിലാണ്.വ്യവസായ സൗഹൃദ സംസ്ഥാനമെന്ന രീതിയിൽ കേരളത്തിന്റെ നേട്ടമാണിത്.വ്യവസായ എസ്റ്റേറ്റിലെ ഭൂമി കൈമാറ്റ മുൾപ്പെടെയുള്ള നടപടി ക്രമങ്ങളിൽ ഭേദഗതി വരുത്തിയും നടപടിക്രമങ്ങൾ ലഘുകരിച്ചുമാണ് വ്യവസായ വകുപ്പ് മുന്നോട്ട് പോകുന്നതെന്നും മന്ത്രി പറഞ്ഞു.

### നരേന്ദ്രമോദിയെ പ്രകീർത്തിച്ച് ചൈനീസ് മാധ്യമം

# ഇന്ത്യ സാമ്പത്തികമായി അഭിവൃദ്ധിപ്പെട്ടു

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ സാമ്പത്തിക വികസനം, സാമൂഹിക ഭരണം, വിദേശനയം എന്നിവയിൽ ഇന്ത്യ കൈവരിച്ച സുപ്രധാന മുന്നേറ്റങ്ങളെ പ്രകീർത്തിച്ച് ബീജിങ് ആസ്ഥാനമായ പ്രമുഖ ചൈനീസ് മാധ്യമം ഗ്ലോബൽ ടൈംസ്. ഇക്കാര്യങ്ങൾ വിശദീകരിക്കുന്ന ലേഖനം ഗ്ലോബൽ ടൈംസ് പ്രസിദ്ധീകരിച്ചു.ഷാങ്ഹായിലെ ഫുഡാൻ സർവകലാശാലയിലെ ദക്ഷിണേഷ്യൻ പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ഷാങ് ജിയാഡോങ് എഴുതിയ ലേഖനം കഴിഞ്ഞ നാല് വർഷത്തിനിടെ ഇന്ത്യ കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ എടുത്തുകാട്ടുന്നു. ഇന്ത്യയുടെ കരുത്തുറ്റ സാമ്പത്തിക വളർച്ച, നഗര ഭരണത്തിലെ പുരോഗതി, അന്താരാഷ്ട്ര ബന്ധങ്ങളോടുള്ള, പ്രത്യേകിച്ച് ചൈനയുമായുള്ള മനോഭാവത്തിലുള്ള മാറ്റം എന്നിവ ഇത് ചൂണ്ടിക്കാട്ടുന്നു. ”ഉദാഹരണത്തിന്, ചൈനയും ഇന്ത്യയും തമ്മിലുള്ള വ്യാപാര അസന്തുലിതാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, ഇന്ത്യൻ പ്രതിനിധികൾ മുമ്പ് വ്യാപാര അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിനുള്ള ചൈനയുടെ നടപടികളിൽ പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവർ ഇന്ത്യയുടെ കയറ്റുമതി സാധ്യതകളിൽ കൂടുതൽ ഊന്നൽ നൽകുന്നുവെന്നും ജിയാഡോങ് കുറിച്ചു.ദ്രുതഗതിയിലുള്ള സാമ്പത്തികവും സാമൂഹികവുമായ വികസനത്തിലൂടെ, ഒരു 'ഭാരത ആഖ്യാനം' സൃഷ്ടിക്കുന്നതിലും വികസിപ്പിക്കുന്നതിലും ഇന്ത്യ കൂടുതൽ തന്ത്രപരമായ ആത്മവിശ്വാസം നേടിയെന്നും കൂടുതൽ സജീവമായി മാറിയെന്നും ലേഖനം പറയുന്നു.വിദേശ



നയത്തിലെ ഇന്ത്യയുടെ തന്ത്രപരമായ ചിന്ത മാറ്റത്തിന് വിധേയമായെന്നും വ്യക്തമായും വൻശക്തി എന്ന തന്ത്രത്തിലേക്ക് നീങ്ങുകയാണെന്നും ലേഖനം കുറിക്കുന്നു.ഇന്ത്യ എല്ലായ്പോഴും ഒരു ലോകശക്തിയായി സ്വയം കണക്കാക്കുന്നുവെന്ന് ലേഖനം കുറിക്കുന്നു. മൾട്ടിബാലൻസിങ്ങിൽ നിന്ന് മൾട്ടിഅലൈൻമെന്റിലേക്ക് ഇന്ത്യ മാറിയിട്ട് 10 വർഷത്തിൽ താഴെ മാത്രമേ ആയിട്ടുള്ളൂ, ഇപ്പോൾ അത് ബഹുധ്രുവലോകത്തിലെ ഒരു ധ്രുവമാകാനുള്ള തന്ത്രത്തിലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. 'പരിവർത്തിതവും ശക്തവും കൂടുതൽ ദൃഢവുമായ ഇന്ത്യ പല രാജ്യങ്ങളും പരിഗണിക്കേണ്ട പുതിയ ഭൗമരാഷ്ട്രീയ ഘടകമായി മാറിയെന്ന് തോന്നുന്നുവെന്നും ലേഖനം വ്യക്തമാക്കുന്നു.

## കൗമാര കലയുടെ ഇതൾ വിരിഞ്ഞു

**കൊല്ലം:**സംസ്ഥാന സ്കൂൾ കലോൽസവത്തിന് കൊല്ലത്തിന്റെ മടിത്തട്ടിൽ തിരിതെളിഞ്ഞു. ഇനി കലയുടെ രാപ്പകലുകളായിരിക്കും കൊല്ലത്തിന്റെ മണ്ണിൽ വിരിയുക. ആശ്രമം മൈതാനത്തെ മുഖ്യകലോത്സവവേദിയിൽ ആദ്യം ചിലങ്കയണിഞ്ഞെത്തിയത് നർത്തകി ആശാ ശരത്തും സംഘവുമായിരുന്നു. ഓർമയായ ഗാനരചയിതാവ് ബീയാർ പ്രസാദും കവി കുരീപ്പുഴ ശ്രീകുമാറും ചേർന്നെഴുതിയ സ്വാഗതഗാനത്തിന് സംഗീത സംവിധായകൻ രമേഷ് നാരായണനാണ് ഈണമൊരുക്കിയത്.ആശാ ശരത്തിന്റെ നേതൃത്വത്തിൽ 29 പേരാണ് നൃത്താവിഷ്കാരത്തിന് നിറപകിട്ടേകിയത്. ജില്ലയിലെ സ്കൂൾ കലോത്സവത്തിൽ ഹയർസെക്കൻഡറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ നൃത്ത ഇനങ്ങളിൽ മുന്നിലെത്തിയ 27 ആൺകുട്ടികളും പെൺകുട്ടികളും നർത്തകിയായ അഖിലയുമായിരുന്നു സംഘത്തിൽ. ബിജു ധ്വനി തരംഗാണ് കൊറിയോഗ്രഫി നിർവഹിച്ചത്. തുടർന്ന് നടന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കൗമാര കലയുടെ ഉൽസവത്തിന് തിരിതെളിയിച്ചു. ഗോത്രകലകളെ സ്കൂൾ കലോത്സവ മത്സരയിനമാക്കുന്നത് പരിഗണനയിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.മംഗലംകളി പ്രദർശന ഇനമായി ഉൾപ്പെടുത്തി പുതിയൊരു തുടക്കം കുറിക്കുകയായിരുന്നു ഇത്തവണ. മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പ്രതിരോധത്തിന് ഉതകുന്ന കലാരൂപങ്ങളൊരുക്കാൻ കുട്ടികൾ ശ്രദ്ധിക്കണം. അധ്യാപകർ അതിന് പിന്തുണയേകണം. കലാപ്രവർത്തനം നടത്തുന്നതിന് സാമ്പത്തിക പ്രയാസംനേരിടുന്ന പ്രതിഭകളെ സംരക്ഷിക്കാൻ വിപുല സംവിധാനം വേണം. സാംസ്



കാരിക വകുപ്പിനും ജനകീയസമിതികൾക്കും ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. സംഘാടക സമിതി ചെയർമാൻ കൂടിയായ ജില്ലയുടെ ചുമതലയുള്ള ധനകാര്യവകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ,മന്ത്രിമാരായ കെ രാജൻ, ജെ ചിഞ്ചുറാണി, കെ ബി ഗണേഷ്കുമാർ, എം പി മാരായ എൻ കെ പ്രേമചന്ദ്രൻ, എ എം ആരിഫ്, കൊടിക്കുന്നിൽ സുരേഷ്, എം എൽ എ മാരായ എം മുകേഷ്, എം നൗഷാദ്, ജി എസ് ജയലാൽ, കോവൂർ കുഞ്ഞുമോൻ, സുജിത്ത് വിജയൻപിള്ള, പി എസ് സുപാൽ, പി സി വിഷ്ണുനാഥ്, സി ആർ മഹേഷ്, മേയർ പ്രസന്ന ഏണസ്റ്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി റാണിജോർജ്, ഡയറക്ടർ എസ് ഷാനവാസ്, ഡെപ്യൂട്ടി മേയർ കൊല്ലം മധു, ചലച്ചിത്രതാരങ്ങളായ ആശ ശരത്, നിഖില വിമൽ, തുടങ്ങിയവർ പങ്കെടുത്തു.



## ക്ലിനിക്കൽ സൈക്കോളജിസ്റ്റ്: രേഖകൾ ഹാജരാക്കണം

**ആലപ്പുഴ:** ആർ.സി.ഐ. രജിസ്ട്രേഷനുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാർ രേഖകൾ നൽകണം. സർക്കാർ തലത്തിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്താനായാണ് രജിസ്ട്രേഷൻ. രേഖകൾ ജനുവരി 10ന് ഉച്ചയ്ക്ക് ഒന്നിന് മുമ്പായി ജില്ല മെഡിക്കൽ ഓഫീസിൽ നേരിട്ടോ റാീവമഹുയ്യ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലൊ നൽകണം. ഫോൺ: 04772251650.

## സ്ട്രീം ഹബ്ബ് പരിശീലന ക്യാമ്പ് തുടങ്ങി

ആലപ്പുഴ: വെളിയനാട് ബി.ആർ.സി.യുടെ നേതൃത്വത്തിൽ കിടങ്ങറ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ ടെക്നോളജി ഇന്നൊവേഷൻ ദ്വിദിന പരിശീലന ക്യാമ്പ് ജില്ല പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷ എം.വി. പ്രിയ ഉദ്ഘാടനം ചെയ്തു. വെളിയനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ശ്രീകുമാർ അധ്യക്ഷത വഹിച്ചു.സമഗ്ര ശിക്ഷ കേരളയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും സംയുക്തമായി നടത്തുന്ന സ്ട്രീം ഹബ്ബിന്റെ ഭാഗമായാണ് ക്യാമ്പ്. വിദ്യാർഥികളിൽ ഗവേഷണ താത്പര്യം, ശാസ്ത്ര ബോധം എന്നിവ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.സ്കൂൾ പ്രിൻസിപ്പൾ പ്രദീപ് കുമാർ, വെളിയനാട് ബി.ആർ.സി ട്രെയിനർ എൻ. ഹിമ, സി ആർ സി കോ‌ഓർഡിനേറ്റർ ആർ. രേഖ, ബിപിൻ ബാബു എന്നിവർ പങ്കെടുത്തു.

## നാലാംതരം തുല്യത പരീക്ഷയിൽ 98% വിജയം

**ആലപ്പുഴ:** പ്രായത്തിന്റെ പ്രയാസങ്ങളെ തോൽപ്പിച്ച് തൊണ്ണൂറ്റിമൂന്നുകാരൻ പത്മനാഭ പിള്ളയും തൊണ്ണൂറ്റിരണ്ടുകാരി ഭാര്യ ഗൗരിയമ്മയും നാലാംക്ലാസ് ജയിച്ചു. സംസ്ഥാന സാക്ഷരതാ മിഷൻ 2023 ഒക്ടോബർ 28ന് നടത്തിയ പരീക്ഷയിലാണ് ഇരുവരും ജയിച്ചത്. ജില്ലയിലെ ഏറ്റവും പ്രായം കൂടിയ പഠിതാക്കളാണ് ഇവർ.തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത് പത്താം വാർഡ് വടക്കേ വെളിയിൽ വീട്ടിൽ പത്മനാഭ പിള്ളയും ഭാര്യ ഗൗരിയമ്മയും കഴിഞ്ഞവർഷമാണ് സാക്ഷരതാ പരീക്ഷ ജയിച്ചത്. തുടർന്ന് നാലാം തരം തുല്യതാ കോഴ്സിൽ ചേർന്നു. സാക്ഷരതാ പ്രേരക് പുഷ്പലതയാണ് ഇവരെ കണ്ടെത്തി അക്ഷരലോകത്തേയ്ക്ക് എത്തിച്ചത്. ജില്ലയിൽ 36 സ്ത്രീകളും 57 പേർ പുരുഷന്മാരുമുൾപ്പെടെ 95 പേരാണ് നാലാംതരം തുല്യതാപരീക്ഷ എഴുതിയത്. 93 പേർ വിജയിച്ചു. വിജയികൾക്ക് സാക്ഷരതാ മിഷൻ നടത്തുന്ന ഏഴാംതരം തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0477 225 2095 എന്ന നമ്പരിൽ ബന്ധപ്പെടുക.

## നഗരസഭ വാർഷിക പദ്ധതി: വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യും

ആലപ്പുഴ: നഗരസഭയുടെ 202324 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം നഗരസഭ ചെയർപേഴ്സൺ കെ.കെ ജയമ്മ നിർവഹിക്കും. ഫിസിയോതെറാപ്പി അനുബന്ധ സംവിധാനങ്ങൾപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൃത്രിമ കാൽ വിതരണം ജനുവരി 16ന് ജനറൽ ആശുപത്രിയിൽ നടക്കും. 17ന് ശാന്തിമന്ദിരത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. ജനറൽ ആശുപത്രിയിൽ പാലിയേറ്റീവ് കെയർ ട്രെയിനിംഗ് 22ന് നടക്കും.

## മെഡിക്കൽ ഓഫീസർ ഒഴിവ്

**ആലപ്പുഴ:** കേരള സാമൂഹ്യ സുരക്ഷ മിഷൻ യു.ഡി.ഐ.ഡി. പദ്ധതിയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നു. എം.ബി.ബി.എസ്. ടി.സി.എം.സി. സർട്ടിഫിക്കറ്റുള്ള 65 വയസ്സ് കവിയാത്തവർക്ക് അപേക്ഷിക്കാം. വെള്ള പേപ്പറിൽ അപേക്ഷ, ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ജനുവരി 10ന് മുമ്പായി ജില്ല കോർഡിനേറ്റർ കെ.എസ്.എസ്.എം. ആലപ്പുഴ, പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം വയോമിത്രം ഓഫീസ് എന്ന വിലാസത്തിൽ ലഭിക്കണം.ഫോൺ: 9072302561 dckssmalpy@gmai-.com

## ക്ഷീരോത്പന്ന നിർമാണ പരിശീലനം

**ആലപ്പുഴ:** ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമാണ പരിശീലന വികസന കേന്ദ്രത്തിൽ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കും. ജനുവരി 10 മുതൽ 22 വരെയാണ് പരിശീലനം. താത്പര്യമുള്ള ക്ഷീര കർഷകർ, സംരംഭകർ തുടങ്ങിയവർക്ക് ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേനയോ അതത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാം. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പരിശീലനത്തിൽ നേരിട്ട് പങ്കെടുത്തിട്ടുള്ളവർ ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹരല്ല. രജിസ്ട്രേഷൻ ഫീസ് 135 രൂപ. പരിശീലനാർഥികൾ ജനുവരി 19ന് വൈകുന്നേരം അഞ്ചിന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം.

# നവകേരളീയം കുടിശിക നിവാരണം ജനുവരി 31 വരെ തുടരും



**തിരുവനന്തപുരം:** കഴിഞ്ഞ നവംബർ ഒന്നിന് ആരംഭിച്ച 'നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ 2023' രണ്ടാംഘട്ട ക്യാമ്പെയിൻ ജനുവരി 31 വരെ തുടരുമെന്ന് സഹകരണവകുപ്പ് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. നിശ്ചയിച്ചതനുസരിച്ച് പദ്ധതി ഡിസംബർ 31ന് അവസാനിക്കേണ്ടതായിരുന്നു. എന്നാൽ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശികയായവർക്ക് ആശ്വാസം പകരുന്ന ഈ പദ്ധതി നീട്ടണമെന്ന സഹകാരികളുടെയും ബാങ്കുകളുടെയും ആവശ്യത്തെ തുടർന്നാണ് സർക്കാർ നടപടി സ്വീകരിച്ചതെന്ന് മന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.ഇതനുസരിച്ച് സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് ഇളവുകളോടെ ഒറ്റത്തവണയായി കുടിശ്ശിക അടച്ചു തീർക്കുന്നതിന് ഈ മാസം കൂടി സാധിക്കും. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും കുടിശ്ശിക അടച്ചുതീർക്കാനാകും. മാരകരോഗം ബാധിച്ചവർ, പക്ഷാഘാതംമൂലമോ അപകടമൂലമോ ശരീരം തളർന്ന് കിടപ്പായവർ ചികിത്സിച്ച് മാറ്റാൻ കഴിയാത്ത മാനസികരോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ഈ രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന കുട്ടികൾ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകളോടെ തീർപ്പാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.ഈ പദ്ധതി പ്രകാരം പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് ലഭിക്കും. അതിദരിദ്ര സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവരുടെ രണ്ടുലക്ഷം രൂപവരെയുള്ള വായ്പകൾക്ക് ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പ, നിക്ഷേപത്തിന്മേലുള്ള വായ്പ, ഓവർഡ്രാഫ്റ്റ് വായ്പ, ക്യാഷ് ക്രെഡിറ്റ് വായ്പ എന്നിവ ഒഴികെയുള്ള എല്ലാതരം കുടിശ്ശികയുള്ള വായ്പകൾക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കും ഇളവ് ലഭിക്കുന്നതിന് അവസരമുണ്ട്. ഓഡിറ്റിൽ 100% കരുതൽ വയ്ക്കേണ്ടി വന്നിട്ടുള്ള വായ്പകൾ പദ്ധതിപ്രകാരം തീർപ്പാക്കുന്നതിന് പ്രത്യേക മുൻഗണന നൽകും. ഈ പദ്ധതി അനുസരിച്ച് വായ്പ തീർപ്പാക്കിയശേഷം നടപടിക്രമങ്ങൾ പാലിച്ച് അവർക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിരവധിയായ സാധാരണക്കാർക്ക് ആശ്വാസം പകരാൻ സർക്കാരിനായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## ശബരിമല ദേശീയ തീർത്ഥാടനകേന്ദ്രമാക്കണമെന്ന് വി.എച്ച്.പി: പ്രധാനമന്ത്രിക്ക് നിവേദനം നൽകി

**കൊച്ചി:** ശബരിമല ശ്രീധർമ്മശാസ്താക്ഷേത്രം ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ച് വിശ്വഹിന്ദു പരിഷത്ത് കേരള ഘടകം പ്രധാന മന്ത്രി നരേന്ദ്ര മോദിക്ക് നിവേദനം നൽകി. വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അദ്ധ്യക്ഷൻ വിജി തമ്പിയുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്. ലോകത്തിലെ അതിപുരാതന ക്ഷേത്രങ്ങളിലൊന്നായ ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ എല്ലാവർഷവും നവംബർ മുതൽ ജനുവരി വരെ നീണ്ടു നിൽക്കുന്ന മണ്ഡല കാലത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി കൊച്ചു കുട്ടികൾ മുതൽ പ്രായമായവർ വരെയുള്ള ഒന്നേമുക്കാൽ കോടിയോളം ഭക്തരാണ് വ്രതമെടുത്ത് അയ്യപ്പദർശനത്തിന് എത്തുന്നത്. തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ നിയന്ത്രണത്തിലുളള ക്ഷേത്രത്തിന്റെ പ്രവർത്തനം താളം തെറ്റിയിരിക്കുകയാണ്. ദർശനത്തിനെത്തുന്ന ഭക്തർക്ക് അടിസ്ഥാന സൗകര്യം പോലും ഉറപ്പാക്കാതെ സംസ്ഥാന സർക്കാർ വൻ പരാജയമാണെന്നും നിവേദനത്തിൽ പറയുന്നു. ക്ഷേത്ര സംരക്ഷണവും ഭക്തരുടെ സുരക്ഷയും കണക്കിലെടുത്ത് ശബരിമല ദേശീയ തീർത്ഥാടനകേന്ദ്രമാക്കി ഉയർത്തണമെന്നാണ് വിശ്വഹിന്ദു പരിഷത്ത് നേതാക്കൾ പ്രധാനമന്ത്രിയോട് അഭ്യർഥിച്ചത്. ആവശ്യം അനുഭാവ പൂർവ്വം പരിഗണിക്കാമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഉറപ്പു നൽകിയതായി വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി പറഞ്ഞു.



ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് അഭ്യർഥിച്ച് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവരുടെ നേതൃത്വത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് നിവേദനം നൽകിയപ്പോൾ

## പാസ്‌വേഡ് സൗജന്യ കരിയർ ഗൈഡൻസ് പരിശീലന പരിപാടി ഇന്ന്

**ആലപ്പുഴ:** സംസ്ഥാന ന്യൂനപക്ഷ വകുപ്പ്, കളക്ടറേറ്റിലെ ന്യൂനപക്ഷ സെൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലയിലെ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി സൗജന്യ കരിയർ ഗൈഡൻസ് പരിശീലന പരിപാടി പാസ് വേഡ് 202324 സംഘടിപ്പിക്കുന്നു. ഇന്ന് (ജനുവരി അഞ്ച്) രാവിലെ 10ന് കാക്കാഴം ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിശീലന പരിപാടി എച്ച്. സലാം എം.എൽ.എ. ഉദ്ഘാടനം ചെയ്യും. അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഹാരിസ് അധ്യക്ഷത വഹിക്കും. കരിയർ ഗൈഡൻസ് വിദഗ്ധരായ ഐബിൽ മത്തായി, റാഷി മക്കാർ എന്നിവർ ക്ലാസ്സെടുക്കും.

# എ.എഫ്.എം ചാംപ്യൻഷിപ്പ്: ഇന്ത്യൻ താരം സായ് ദീപ് ചാംപ്യൻ

**കൊച്ചി:** അമേരിക്കയിലെ കാലിഫോർണിയയിൽ നടന്ന അമേരിക്കൻ ഫെഡറേഷൻ ഓഫ് മോട്ടോർ സൈക്കിളിസ്റ്റ് ചാമ്പ്യൻഷിപ്പ് (എ.എഫ്.എം)ൽ ജേതാവായി ഇന്ത്യൻ താരം എം.സായ് ദീപ്. എ.എഫ്.എമ്മിന്റെ 69 വർഷത്തെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ഇന്ത്യൻ താരം ജേതാവാകുന്നത്. ചാമ്പ്യൻഷിപ്പിൽ ഉട നീളം സായ് ദീപും അദ്ദേഹത്തിന്റെ കവാസാക്കി ടീമും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.2023ൽ പങ്കെടുത്ത റേസുകളിൽ എല്ലാം തന്നെ റെക്കാർഡോടെയാണ് സായ് ദീപ് വിജയം കൈവരിച്ചത്. ബട്ടൻ വില്ലോ റേസ്, തണ്ടർഹിൽ റേസ്, ഫോർമുല 40 ലൈറ്റ് വെയ്റ്റ് നോവിസിലുമെല്ലാം തന്നെ മിന്നുന്ന പ്രകടനത്തോടെയാണ് സായ് ദീപ് ചാംപ്യൻ പട്ടം നേടിയത്. കാലിഫോർണിയയിലെ പോർഷെ ക്ലബ്ബിനൊപ്പം സൂപ്പർ കാർ റേസിംഗിലും യു.എസിലെ എഎഫ്എം. ഡബ്ല്യുഇആർഎ, സിആർഎ സീരിസുകളിൽ സൂപ്പർ ബൈക്കുകളിലും മൽസരിച്ചതിന്റെ അനുഭവ സമ്പത്തും സായ് ദീപിനയുണ്ട്. എം.എസ് ധോണി, അരുൺ പാണ്ഡെ,നാഗാർജ്ജുന,നന്ദിഷ്,അമിത്, സത്യ എന്നിവർക്കൊപ്പം മഹി റേസിംഗ് ടീം ഇന്ത്യയുടെ സ്ഥാപകനും സഹ ഉടമ എന്നി നിലകളിലും സായ് ദീപ് നിർണ്ണായക പങ്കു വഹിക്കുന്നു. 2013 ൽ മഹി റേസിംഗ് ടീം ലോക ചാംപ്യൻഷിപ്പ് നേടിയിരുന്നു. കായിക ചരിത്രത്തിൽ തന്നെ ഇത്തരമൊരു നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ ടീം ആയി മഹി റേസിംഗ് ടീം മാറിയിരുന്നു. 2010ലെ മോട്ടോ ജിപി സപ്പോർട്ട് റേസിലും യോഗ്യത നേടുന്ന ആദ്യ ഇന്ത്യക്കാരനും സായി ദീപ് ആയിരുന്നു.ഫോർമുല വൺ, നാസ്കാർ, ഇൻഡികാർ സീരീസ്, മലേഷ്യൻ ജിപി സൂപ്പർകാർ സീരീസ്, മോട്ടോജിപി, ഏഷ്യൻ ജിപി, എഎംഎ റേസിംഗ്, വേൾഡ് സൂപ്പർബൈക്ക് തുടങ്ങിയ ആഗോള റേസിംഗ് ഇവന്റുകളിൽ പങ്കെടുത്ത് മികച്ച പ്രകടനം നടത്തിയിട്ടുള്ള സായ് ദീപ് മോട്ടോജിപി, മോട്ടോഅമേരിക്ക, വേൾഡ് എസ്ബികെ ടീമുകളുമായും സഹകരിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലും കാലിഫോർണിയയിലും പരിശീലനം നേടിയ സായ്ദീപിന് റേസിംഗ് മേഖലയിൽ മികച്ച അനുഭവ സമ്പത്താണുള്ളത്. ലഗൂണ സെക്ക, ഇൻഫിനിയോൺ റേസ്‌വേ, ഫോണ്ടാന, വില്ലോ സ്പ്രിംഗ്സ്, സ്ട്രീറ്റ്സ് ഓഫ് വില്ലോസ്, തണ്ടർ ഹിൽ റേസ്‌വേ, റെനോ ഫെർൺലി റേസ്‌വേ, ബട്ടൺവല്ലോ റേസ്‌വേ എന്നിവയുൾപ്പെടെ പ്രമുഖ യുഎസ് റേസ് ട്രാക്കുകളിൽ ട്രാക്ക് ഡേകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഹൈദരബാദ് സ്വദേശിയാണ് സായ് ദീപ്.




# എയർ ഇന്ത്യയുടെ കോർപ്പറേറ്റ് അഫേഴ്സിൽ പി ബാലാജിയെ നിയമിച്ചു



**കൊച്ചി:** പുതുതായി സൃഷ്ടിച്ച ഗ്രൂപ്പ് ഹെഡ്ഗവേണൻസ്, റെഗുലേറ്ററി, കംപ്ലയൻസ് (ജിആർസി), കോർപ്പറേറ്റ് അഫേഴ്സ് തസ്തികയിൽ പി ബാലാജിയെ എയർ ഇന്ത്യ നിയമിച്ചു.2024 ജനുവരി 11ന് ബാലാജി പുതിയ റോൾ ഏറ്റെടുത്ത് എയർ ഇന്ത്യ എംഡിയും സിഇഒയുമായ കാംബെൽ വിൽസണ് റിപ്പോർട്ട് ചെയ്യും. ഗവൺമെൻറ് അഫേഴ്സ്, ലീഗൽ, എതിക്സ്, സുസ്ഥിരത കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് തുടങ്ങിയവിൽ അദ്ദേഹം മേൽനോട്ടം വഹിക്കും.
ടാറ്റ അഡ്മിനിസ്ട്രേറ്റീവ് സർവീസസിൽ കരിയർ ആരംഭിച്ച ബാലാജിക്ക് 30ലധികം വർഷത്തെ അനുഭവസമ്പത്ത്. ടെലികോം, ഐടി മേഖല, റെഗുലേറ്ററി പോളിസി, കംപ്ലയൻസ്, സെയിൽസ്, പ്രൊഡക്ട് മാനേജ്മെൻറ്, മാർക്കറ്റിംഗ്, സ്ട്രാറ്റജി, എം&എ, ഓപ്പറേഷൻസ് തുടങ്ങിവയിലാണ് എക്സ്പീരിയൻസ്. വോഡഫോൺ ഐഡിയ ലിമിറ്റഡിൽ ഒരു പതിറ്റാ് നീ റെഗുലേറ്ററി, പബ്ലിക് പോളിസി പ്രവർത്തനങ്ങൾക്ക് ശേഷമാണ് എയർ ഇന്ത്യയിൽ ചേരുന്നത്.ബാലാജി എയർ ഇന്ത്യയിൽ ചേരുന്നതിൽ സന്തോഷമു്. റെഗുലേറ്ററി, പോളിസി സ്പേസിൽ പ്രവർത്തിച്ച അറിവും അനുഭവസമ്പത്തും എയർ ഇന്ത്യയിൽ നടന്നുകൊിരിക്കുന്ന പരിവർത്തനത്തിന് വിലപ്പെട്ടതായിരിക്കും. ആഗോള വ്യോമയാന മേഖലയിലെ ഉയർന്ന തലങ്ങളിലേക്ക് എയർലൈനെ കൊുപോകാൻ ആവശ്യമായ ഉന്നത നേതൃത്വത്തെ കെട്ടിപ്പടുക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് എയർ ഇന്ത്യയുടെ സിഇഒയും എംഡിയുമായ കാംബെൽ വിൽസൺ പറഞ്ഞു.

# എസ്ബിഐ ലൈഫ് ബിസി ട്രസ്റ്റുമായി സഹകരിക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ ലൈഫ് ഇൻഷൂറൻസ് സ്ഥാപനങ്ങളിൽ ഒന്നായ എസ്ബിഐ ലൈഫ് ഇൻഷൂറൻസ് ശ്രീ ക്ഷേത്ര ധർമസ്ഥല റൂറൽ ഡെവലപ്മെൻറ് പ്രൊജക്ട് ബിസി ട്രസ്റ്റുമായി ധാരണാ പത്രം ഒപ്പു വെച്ചു. ഫിനാൻഷ്യൽ ഇൻക്ലൂഷനിൽ ഇന്ത്യയെ പിന്തുണക്കുക, ഗ്രാമീണ വനിതകളെ ശാക്തീകരിക്കുക, ബന്ധപ്പെട്ട എല്ലാവർക്കും സാമൂഹ്യ വികസനം സാധ്യമാക്കുക, കേരളത്തിലും കർണാടകത്തിലും സാമൂഹിക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ലൈഫ് ഇൻഷൂറൻസ് പദ്ധതികൾ ലഭ്യമാക്കുക എന്നിവയിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. ഈ മേഖലയിൽ എല്ലാവരേയും ഉൾപ്പെടുത്തിയുള്ള വികസനം ഉറപ്പാക്കുന്നതിൽ നിർണായക ചുവടു വെയ്പ്പായിരിക്കും എസ്ബിഐ ലൈഫും എസ്കെഡിആർഡിപി ബിസി ട്രസ്റ്റും തമ്മിലുള്ള ഈ സഹകരണം. കേരളത്തിലേയും കർണാടകത്തിലേയും ഗ്രാമീണ കുടുംബങ്ങൾക്ക് സാമ്പത്തിക സുരക്ഷ പ്രദാനം ചെയ്യാനായി എസ്കെഡിആർഡിപി ബിസി ട്രസ്റ്റിനുള്ള ശൃംഖല എസ്ബിഐ ലൈഫ് പ്രയോജനപ്പെടുത്തും.

# കെ.പി.എം.എ: പരിസ്ഥിതി അവാർഡ് വിതരണം നാളെ

**കൊച്ചി:** കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ (കെ.പി.എം.എ )പരിസ്ഥിതി അവാർഡ് വിതരണം നാളെ (06.01.24) ഈ വർഷത്തെ മികച്ച സംഘടനയ്ക്കുള്ള അവാർഡിന് കണ്ണൂർ ക്ലീൻ കേരള കമ്പനി അർഹരായി. വ്യക്തിഗത അവാർഡ് പരിസ്ഥിതി സംരക്ഷകരായ റിട്ട എൻജിനീയർ വടകര സ്വദേശി മണലിൽ മോഹനൻ, തിരുവനന്തപുരം പുഞ്ചക്കരി സ്വദേശി ബിനു പുഞ്ചക്കരി എന്നിവർ പങ്കിട്ടു. മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്. സംഘടനയക്ക് പ്രശസ്തി പത്രവും 50,000 രൂപ ക്യാഷ് അവാർഡും, വ്യക്തികൾക്ക് പ്രശസ്തി പത്രത്തോടൊപ്പം 25,000 രൂപ വീതം ക്യാഷ് അവാർഡും ലഭിക്കും.പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന വ്യക്തിക്കും സംഘടനയ്ക്കുമാണ് വർഷം തോറും അവാർഡ് നൽകുന്നത്. നാളെ (06.01.24)വൈകുന്നേരം 5.30 ന് നെടുമ്പാശ്ശേരി ഹോട്ടൽ എയർലിങ്ക് കാസിലിൽ സംഘടിപ്പിച്ചിരിക്കുന്ന സംഘടനയുടെ 26മാത് വാർഷിക സമ്മേളനത്തിൽ ഹൈബി ഈഡൻ എം.പി അവാർഡുകൾ വിതരണം ചെയ്യും. കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, സിപെറ്റ് ജോയിന്റ് ഡയറക്ടർ കെ.എ രാജേഷ്, കുസാറ്റ് പോളിമർ സയൻസ് ആന്റ് റബ്ബർ ടെക്നോളജി ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. പ്രശാന്ത് ആർ.കൃഷ്ണ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായിരിക്കുമെന്ന് അസോസിയേൻ പ്രസിഡന്റ് എം.എസ് ജോർജ്ജ്,ജനറൽ സെക്രട്ടറി ജെ.സുനിൽ എന്നിവർ പറഞ്ഞു.

# വികസിത ഭാരത് @ 2047: പ്രസംഗ മത്സരം

**ആലപ്പുഴ:** നെഹ്റു യുവ കേന്ദ്ര ആലപ്പുഴയുടെ നേതൃത്വത്തിൽ 'മൈ ഭാരത് വികസിത് ഭാരത് @2047' വിഷയത്തിൽ പ്രസംഗ മത്സരം നടത്തുന്നു. 15നും 29നും ഇടയിൽ പ്രായമുള്ളവർക്ക് മത്സരിക്കാം. ജില്ലാതല വിജയികൾക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാന തലത്തിൽ ഒന്നും രും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം ഒരു ലക്ഷം രൂപ, അൻപതിനായിരം രൂപ, 25,000 രൂപ എന്നിങ്ങനെ സമ്മാനം ലഭിക്കും. ജില്ലാതല വിജയികൾക്ക് സമ്മാനം ഉായിരിക്കുന്നതല്ല. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ മത്സരിക്കാം. ഏഴുമിനിട്ടാണ് അനുവദിക്കുന്ന സമയം. മത്സരം ജനുവരി 10ന് രാവിലെ 10ന് കലവൂർ അസാപ് സ്കിൽ ട്രെയിനിങ് സെന്ററിൽ നടക്കും. വിവരങ്ങൾക്ക്: 8714508255, 04772236542.

# സനാതന ഹിന്ദുമഹാസംഗമം:സ്വാഗതസംഘം രൂപീകരിച്ചു

**കാലടി:** കാലടിയിൽ നടക്കുന്ന സനാതന ഹിന്ദു മഹാസംഗമത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചു. യോഗം അഖില ഭാരതീയ സന്യാസിസഭ ദേശീയ സെക്രട്ടറി സ്വാമി പ്രഭാകരാനന്ദ സ്വരസ്വതി ഉദ്ഘാടനം ചെയ്തു. വെള്ളാളപിള്ള ഫെഡറേഷൻ ദേശീയ പ്രസിഡന്റ് വേണു പിള്ള, അഖിലഭാരതീയ പത്മശാലിയസംഘം ദേശീയ സെക്രട്ടറി അഡ്വ സി ഭാക്സരൻ, കേരള ധീവരസമാജം സംസ്ഥാന സെക്രട്ടറി ബാബുമാള, വേളാർ സർവീസ് സൊസൈറ്റി സംസ്ഥാന സെക്രട്ടറി യു ടി രാജൻ, ഭാരതീയ ക്ഷേത്ര സേവാസമിതി സംസ്ഥാന സെക്രട്ടറി രാജൻ പിഷാരടി, സനാതൻ ധർമ്മസേന സംസ്ഥാന സെക്രട്ടറി ജയചന്ദ്രൻ വണ്ടിപ്പെരിയാർ, വിശ്വകർമ്മ പീഠാധീശൻ സ്വാമി കൃഷ്ണാനന്ദ സ്വരസ്വതി, സ്വാമി ബാലകൃഷ്ണനാഥ്, ചഞ്ചൽജി, പട്ടാര്യസമാജം സെക്രട്ടറി ബാബു കുമ്പളം, പകിടി ഉണ്ണികൃഷ്ണൻ, സോമൻ പായിപ്ര തുടങ്ങിയവർ സംസാരിച്ചു.

# മെഡിക്കൽ ഓഫീസർ ഒഴിവ്

**ആലപ്പുഴ:** കേരള സാമൂഹ്യ സുരക്ഷ മിഷൻ യു.ഡി.ഐ.ഡി. പദ്ധതിയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നു. എം.ബി.ബി.എസ്. ടി.സി.എം.സി. സർട്ടിഫിക്കറ്റുള്ള 65 വയസ്സ് കവിയാത്തവർക്ക് അപേക്ഷിക്കാം. വെള്ളപേപ്പറിൽ അപേക്ഷ, ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ജനുവരി 10ന് മുമ്പായി ജില്ല കോർഡിനേറ്റർ കെ.എസ്.എസ്.എം. ആലപ്പുഴ, പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം വയോമിത്രം ഓഫീസ് എന്ന വിലാസത്തിൽ ലഭിക്കണം.ഫോൺ: 9072302561 dckssmalpy@gmail.com

# റേഡിയോഗ്രാഫർ നിയമനം

കൊച്ചി: എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോ ഡയഗനോസിസ് വിഭാഗത്തിൽ റേഡിയോഗ്രാഫർ ട്രെയിനി തസ്തികയിൽ സ്റ്റൈഫന്റ് അടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താൽക്കാലിക നിയമനം നടത്തുന്നു. ഡി. ആർ. റ്റി, ഡി. ആർ. ആർ. റ്റി, ബി.എസ്.സി എം. ആർ. റ്റി എന്നിവയിൽ ഏതെങ്കിലും ഗവൺമെന്റ് അംഗീകൃത കോഴ്സ് പാസായവർക്ക് അപേക്ഷിക്കാം. 10000 രൂപ സ്റ്റൈഫന്റ് ലഭിക്കും.താല്പര്യമുള്ളവർ യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും  പകർപ്പും സഹിതം ജനുവരി 10 ബുധനാഴ്ച രാവിലെ 11ന്  റേഡിയോ ഡയഗനോസിസ് വിഭാഗത്തിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. ഫോൺ :0484 2754000

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ ഭാഗങ്ങളിലെ വാട്ടർ ടാങ്കുകൾ വൃത്തിയാക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ മെഡിക്കൽ സൂപ്ര്, എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പേരിൽ തപാലിലോ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ നമ്പറും പ്രവൃത്തിയുടെ പേരും കവറിനു മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 10 ഉച്ചയ്ക്ക് 2  വരെ.

# ടൂൾ ആന്റ് ഡൈ മേക്കിംഗ് ഗവ: അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സ്

കൊച്ചി: ഗവ:ഐ.ടി.ഐ കളമശ്ശേരി ക്യാംപസിൽ പ്രവർത്തിക്കുന്ന ഗവ:അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (എ.വി.ടി.എസ്) കളമശ്ശേരി സ്ഥാപനത്തിൽ നടത്തുന്ന ടൂൾ ആന്റ് ഡൈ മേക്കിംഗ് ഗവ:അഡ്വാൻസ്ഡ് ഷോർട്ട് ടേം കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവ്. അപേക്ഷകൾ എ.വി.ടി.എസ് കളമശ്ശേരിയിൽ നേരിട്ട് നൽകാം. ഐ.ടി.ഐ ട്രേഡുകളായ ഫിറ്റർ, ടർണർ, മെഷിനിസ്റ്റ്, ഇൻസ്ട്രുമെന്റ് മെക്കാനിക് എന്നിവ പാസായവർക്കോ, മൂന്ന് വർഷത്തെ പ്രാക്ടിക്കൽ പ്രവൃത്തിപരിചയമുള്ളവർക്ക് സ്പോൺസർഷിപ്പോടു കൂടിയോ കോഴ്സിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 04842557275, 7012323280എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

# വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** പുല്ലേപ്പടിയിലുള്ള സർക്കാർ ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് ഫാർമസിസ്റ്റിനെ ആശുപത്രി മാനേജ്മെറ് കമ്മിറ്റി മുഖേന ദിവസവേതന അടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നു.  സി.സി.പി/എ9.സി.പി കോഴ്സ് കഴിഞ്ഞവർക്കും ഹോമിയോപ്പതി വകുപ്പിൽ നിന്നും വിരമിച്ച ഫാർമസിസ്റ്റുമാർക്കും വാക് ഇ9ഇ9റർവ്യൂ  നടത്തുന്നു. പ്രായ പരിധി 1860. താത്പര്യമുള്ള ഉദ്യോഗാർഥികൾ  യോഗ്യതകൾ തെളിയിക്കുന്ന അസൽ രേഖകളും ബയോഡാറ്റയും സഹിതം ജനുവരി 16 ന് രാവിലെ 10.30 ന് പുല്ലേപ്പടിയിലുള്ള ജില്ലാ ഹോമിയോ ആശുപത്രിയിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842401016.

# മെഡിക്കൽ കോളേജിൽ കരാർ നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി, എമർജൻസി മെഡിസിൻ, ജനറൽ സർജറി,ജനറൽ മെഡിസിൻ, ഓബിജി, ഒറൽ ആൻഡ് മാക്സിലോഫേഷ്യൽ സർജറി, ഓഫ്തൽമോളജി, പി എം ആർ ഡി, സൈക്കാട്രി,റേഡിയോഡയഗ്നോസിസ്, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളിലേക്ക് അസിസ്റ്റന്റ് പ്രൊഫസർ/ സീനിയർ റെസിഡന്റുമാരെ പ്രതിമാസം 70000 രൂപ നിരക്കിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു.താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ എന്നിവ തെളിയിക്കുന്ന അസ്സൽ രേഖ സഹിതം  ജനുവരി 11ന് രാവിലെ 11 മണി മുതൽ ഒരു മണി വരെ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ഹാജരാക്കുക. പ്രവർത്തി പരിചയം അഭികാമ്യം.കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2754000

# സംസ്ഥാന സ്കൂൾ കലോത്സവം: സ്വർണ്ണ കപ്പിന് സ്വീകരണം നൽകി



**കൊച്ചി:** സംസ്ഥാന സ്കൂൾ കലോത്സവ ജേതാക്കൾക്ക് കൈമാറുന്ന സ്വർണ്ണ കപ്പിന് സ്വീകരണം നൽകി. കോഴിക്കോടു നിന്നും ഘോഷയാത്ര യോടെ എറണാകുളം ജില്ലാ അതിർത്തിയിൽ എത്തിയ സ്വർണ്ണകപ്പ് കറുകുറ്റിയിൽ വെച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി ജി അലക്സാണ്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ സി. വി ജ്യോത്സന, എ.ഇ.ഒ പി.അംബിക , വിവിധ അധ്യാപക സംഘടനാ നേതാക്കൾ എന്നിവർ സ്വീകരിച്ചു വേദിയായ അങ്കമാലി സെന്റ് ജോസഫ് സ്കൂൾ ഓഡിറ്റോറിയത്തിൽ എത്തിച്ചു. സ്കൂൾ കവാടത്തിൽ നിന്നും ബാൻഡ്, ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെയാണ് സ്വർണ്ണകപ്പ് വേദിയിൽ എത്തിച്ചത്.സമ്മേളനം റോജി എം ജോൺ എം.എൽ.എ ഉദ്ഘാടനം ചെയ്തു. അങ്കമാലി നഗരസഭാ ചെയർമാൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് ആക്റ്റിംഗ് പ്രസിഡന്റ്  സനിതാ റഹീം, ജില്ലാ പഞ്ചായത്ത് മെമ്പർ ശാരദാ മോഹൻ, മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ റീത്ത പോൾ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ എം.ജെ ജോമി, വിവിധ സ്കൂൾ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

# ഹരിത ചട്ടം : തുണിസഞ്ചികൾ വിതരണം ചെയ്തു

**കൊച്ചി:** ജീവനക്കാരെ ഹരിത ചട്ടം പാലിക്കുന്നതിനെ കുറിച്ച് ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ  തുണി സഞ്ചികൾ വിതരണം ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഓഫീസ് സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിലാണ് തുണി സഞ്ചികൾ വിതരണം ചെയ്തു. ജില്ലാ കളക്ടർ എൻ. എസ്.കെ ഉമേഷ് തുണിസഞ്ചികളുടെ വിതരണ ഉദ്ഘാടനം നിർവഹിച്ചു.പുനരുപയോഗ സാധ്യമായ വസ്തുക്കളുടെ ഉപയോഗം കൂട്ടുക എന്ന ആശയത്തിലാണ് ജീവനക്കാർക്ക് പേഴ്സ് മാതൃകയിൽ മടക്കി ഉപയോഗിക്കാൻ സാധ്യമായ  തുണി സഞ്ചികൾ വിതരണം ചെയ്തത്. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം. ഷഫീക്ക്, സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് കൂടിയായ ഡെപ്യൂട്ടി ഡയറക്ടർ കെ.ജെ ജോയ്, അസി.ഡയറക്ടർ പി. എച്ച്. ഷൈൻ, സ്റ്റാഫ് അസോസിയേഷൻ സെക്രട്ടറി പി.പി. രാജേഷ്  എന്നിവർ പങ്കെടുത്തു.



# സിംബയോസിസ് ഇന്റർനാഷണൽ: ബിരുദ പ്രോഗ്രാമുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

**കൊച്ചി:** സിംബയോസിസ് ഇന്റർനാഷണൽ (ഡീംഡ് യൂണിവേഴ്സിറ്റി) (എസ്ഐയു) തങ്ങളുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളിലുടനീളമുള്ള വിവിധ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള  പ്രവേശന പരീക്ഷകളുടെ അപേക്ഷാ തീയതികൾ പ്രഖ്യാപിച്ചു. SET  ജനറൽ (സിംബയോസിസ് എൻട്രൻസ് ടെസ്റ്റ്), സിംബയോസിസ് ലോ അഡ്മിഷൻ ടെസ്റ്റ് (SLAT), സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ (SITEEE) എന്നിവിടങ്ങളിലേക്കുള്ള അപേക്ഷകളാണ് ഇപ്പോൾ ക്ഷണിക്കുന്നത്. ഇന്ത്യയിലെ 76 നഗരങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ടെസ്റ്റ് (CBT) മോഡിലാണ് ഇവ നടത്തുന്നത്. https://www.set-test.org/ എന്ന വെബ്സൈറ്റിലൂടെ പ്രവേശന പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാം.ടളഠ 2024നുള്ള രജിസ്ട്രേഷൻ  2024 ഡിസംബർ 13ന് ആരംഭിച്ചു. ഉദ്യോഗാർത്ഥികൾക്ക് 2024 ഏപ്രിൽ 12 വരെ ഓൺലൈനായി അപേക്ഷിക്കാൻ കഴിയും. 2024 മെയ് 5, 2024 മെയ് 11 എന്നീ തീയതികളിൽ ആയിരിക്കും SET നടക്കുക. സിംബയോസിസ് ലോ അഡ്മിഷൻ ടെസ്റ്റ് 2024 അല്ലെങ്കിൽ ടഘഅഠ 2024 2024 മെയ് 5, മെയ് 11, തീയതികളിൽ SLAT 2024 ടെസ്റ്റ് സെന്ററുകളിൽ CBT മോഡിൽ നടത്തും. ഇതിനായി, സിംബയോസിസ് ടെസ്റ്റ് സെക്രട്ടേറിയറ്റ് ഡിസംബർ 13ന് ടഘഅഠ അപേക്ഷാ പ്രക്രിയ ആരംഭിച്ചു. പൂനെ, നോയിഡ, ഹൈദരാബാദ്, നാഗ്പൂർ എന്നിവിടങ്ങളിലുള്ള എല്ലാ സിംബയോസിസ് ലോ സ്കൂളുകളിലേക്കും  ഉള്ള അഡ്മിഷൻ ടെസ്റ്റ് ആയിരിക്കുമിത്. നിരവധി ബിടെക് പ്രോഗ്രാമുകൾക്കായി ~~SITEEE 2024~~ അപേക്ഷാ പ്രക്രിയ ഓൺലൈനായി നടത്താം. പരീക്ഷ തീയതികൾ മെയ് 5, മെയ് 11, എന്നിവയായിരിക്കും. SITEEE 2024-ൽ താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ 2024 ഏപ്രിൽ 12ന് മുമ്പ് അപേക്ഷാ ഫോം സമർപ്പിക്കണം.UGC (യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ) കാറ്റഗറി1 പദവിയും നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അസാധാരണമായ 'A++' ഗ്രേഡുമായി അംഗീകരിച്ച സിംബയോസിസ് ഇന്റർനാഷണൽ (ഡീംഡ് യൂണിവേഴ്സിറ്റി)ക്ക് നിലവിൽ പൂനെ, നോയിഡ, ഹൈദരാബാദ്, നാഗ്പൂർ, ബെംഗളൂരു തുടങ്ങി വിവിധ നഗരങ്ങളിൽ കാമ്പസുകളുണ്ട്.

# 2023ൽ 43,84,559 ബൈക്കുകൾ വിൽപ്പന നടത്തിയതായി ഹോണ്ട

**കൊച്ചി:** വിൽപ്പനയിൽ മികച്ച നേട്ടം കുറിച്ച് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ. 2023 കലണ്ടർ വർഷം 43,84,559 യൂണിറ്റുകളാണ് വിറ്റഴിച്ചത്. 2023 ജനുവരി മുതൽ ഡിസംബർ വരെയുള്ള കണക്കുകൾ പ്രകാരമാണിത്. 2023 ഡിസംബറിൽ മാത്രം 3,17,123 യൂണിറ്റുകൾ വിറ്റു. ഇതിൽ 2,86,101 യൂണിറ്റുകളുടെ ആഭ്യന്തര വിൽപ്പനയും, 31,022 യൂണിറ്റ് കയറ്റുമതിയും ഉൾപ്പെടും. ഈ മാസത്തെ ആഭ്യന്തര വിൽപ്പന 2022 ഡിസംബറിനേക്കാൾ 23% വളർച്ച രേഖപ്പെടുത്തിയപ്പോൾ, കയറ്റുമതി കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 82% വർധിച്ചു.ആക്ടീവ എച്ച്സ്മാർട്ട്, ഷൈൻ 100, പുതിയ എസ്പി160, ഡിയോ 125 മോഡലുകൾ പോയ വർഷം എച്ച്എംഎസ്ഐ വിപണിയിലിറക്കി. റെഡ് വിങ്, ബിഗ് വിങ് ബിസിനസുകളിലായി ആക്ടീവ ലിമിറ്റഡ് എഡിഷൻ ഉൾപ്പെടെ നിരവധി സ്പെഷ്യൽ പതിപ്പുകളും, ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന നിരവധി മോഡലുകളും 2023ൽ വിപണിയിൽ അവതരിപ്പിച്ചു. 25ലേറെ നഗരങ്ങളിൽ പുതിയ ബിഗ് വിങ് ഷോറൂമുകൾ തുറന്നു. ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ പുതിയ പ്രസിഡന്റ്, സിഇഒ, എംഡി ചുമതലകളിലേക്ക് സുത്സുമു ഒട്ടാനി നിയോഗിക്കപ്പെട്ടതും പോയ വർഷമാണ്.ആക്ടീവ ഉടമസ്ഥരുടെ എണ്ണം 2 കോടി കവിഞ്ഞ് ചരിത്ര നേട്ടത്തിലെത്തിയതും, ഇരുചക്ര വാഹന വിപണിയിൽ പുതിയ അധ്യായംകുറിച്ച ഹോണ്ടയുടെ എക്സ്റ്റൻഡഡ് വാറന്റി പ്ലസ് പ്രോഗ്രാം അവതരിപ്പിക്കപ്പെട്ടതും 2023ലെ നേട്ടങ്ങളായി. 90 നഗരങ്ങളിൽ ഹോണ്ടയുടെ റോഡ് സുരക്ഷാ ബോധവത്ക്കരണ ക്യാമ്പയിനും നടന്നു. ഇതോടെ പദ്ധതി 5.7 മില്യൺ പേരിലേക്കെത്തി. സിഎസ്ആർ പ്രവർത്തനങ്ങളുടെ മികവിന് പ്രശസ്തമായ ഭാമാഷാ പുരസ്കാരം ലഭിച്ചതും, ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ്, ഏഷ്യ റോഡ് റേസിങ്, മോട്ടോ ജിപി, ഡാക്കാർ റാലി എന്നീ ചാമ്പ്യൻഷിപ്പുകളിൽ ഹോണ്ട ടീമിന്റെ മികവും ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യക്ക് 2023ലെ അഭിമാന നേട്ടങ്ങളായി മാറി.

# മൺസൂൺ ആർട്ട് ഫെസ്റ്റിന് നാളെ തുടക്കം

**കൊച്ചി:** മലയാളികളായ 150 കലാകാരന്മാരുടെ ചിത്രങ്ങളും ശിൽപങ്ങളും ഗ്രാഫിക് പ്രിന്റ്റുകളുമടക്കം മുന്നൂറോളം കലാസൃഷ്ടികൾ അണിനിരത്തുന്ന മൺസൂൺ ആർട്ട് ഫെസ്റ്റിന്റെ ആറാമത് എഡിഷൻ എറണാകുളം ദർബാർ ഹാളിൽ നാളെ വൈകുന്നേരം 4 മണിക്ക് ആരംഭിക്കും. 10 ദിവസം നീണ്ടുനിൽക്കുന്ന വരുന്നോത്സവത്തിന് പഴയതും പുതിയതുമായ തലമുറയിലെ ചിത്ര ശിൽപ കലാകാരന്മാരുടെ ഏറ്റവും പുതിയ കലാസൃഷ്ടികളാണ് ഒരുക്കിയിരിക്കുന്നത്.കൊച്ചി: മൺസൂൺ ആർട്ട് ഫെസ്റ്റിന്റെ ആറാം എഡിഷൻ കോട്ടയം ആർട്ട് ഫൌണ്ടേഷനും ബെഞ്ചമിൻ ബയ്‌ലി ഫൌണ്ടേഷനും ചേർന്നാണ് നടത്തുന്നത്. എൻ. എൻ. റിംസൺ, ആക്കിത്തം നാരായണൻ, പി ഗോപിനാഥൻ, ഭാഗ്യനാഥൻ, ടോം വട്ടക്കുഴി, സജിത ശങ്കർ, നജീന നീലാംബരൻ, കെ. പി. റെജി, മുരളി ചീറോത്ത്, ബി. ഡി. ദത്തൻ, ടി. കലാദരൻ, അഭിമാന്യൂ, രതീദേവി പണിക്കർ, കെ രഘു നാഥൻ, ബാബു സേവ്യർ, ടി. എം. അസിസ്, രാധാ ഗോമതി, ലേഖ നാരായണൻ, പി. വി. നന്ദൻ, കെ. ടി. മത്തായി, സനം നാരായണൻ, പ്രദീപ് പുത്തൂർ, അജി അടൂർ, ടി. ആർ. ഉപേന്ദ്രനാഥ് തുടയവരുൾപ്പെടേയുള്ളവരാണ് പ്രദർശനത്തിൽ പങ്കെടുക്കുന്നത്.ശിൽപ്പി എൻ. എൻ. റിംസൺ പ്രദർശനം ഉദ്ഘടനം ചെയ്യും. കേരള ലളിതകലാ അക്കാഡമി സെക്രട്ടറി എൻ ബലമുരളി കൃഷ്ണൻ അധ്യക്ഷത വഹിക്കും.യോഗത്തിൽ എഴുത്തുകാരനും മലയാള മനോരമ സീനിയർ അസോസിയേറ്റ് എഡിറ്ററുമായ ജോസ് പനച്ചിപ്പുറം മുഖ്യതിഥിയായിരിക്കും. എറണാകുളം ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്, ബെഞ്ചമിൻ ബെയിലി ഫൌണ്ടേഷൻ പ്രസിഡന്റ് ഡോ. ബാബു ചെറിയാൻ, ചിത്രകാരൻ ടി കലാധരൻ, മാവേലിക്കര രാജാ രവിവർമ ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പൽ മനോജ് വയലൂർ, കേരള ലളിത കലാ അക്കാഡമി നിർവാഹക സമിതി അംഗങ്ങളായ സുനിൽ അശോകപുരം, ലേഖ നാരായണൻ, ചിത്രകാരൻ ടി ആർ ഉദയകുമാർ, എഴുത്തുകാരൻ കെ ബി പ്രസന്നകുമാർ, ചിത്രകാരി മിനി ശർമ്മ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. ജനുവരി 6 ന് തുടങ്ങുന്ന പ്രദർശനം 15 ന് സമാപിക്കും.

# കെ സ്മാർട്ട്: അക്ഷയ സംരംഭകർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന കെസ്മാർട്ട് (കേരളാ സൊലൂഷ്യൻ ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റിഫർമേഷൻ ആൻഡ് ട്രാൻസർഫർമേഷൻ) പരിചയപ്പെടുത്തുന്നതിനായി ജില്ലയിലെ അക്ഷയ സംരംഭകർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. കേരളാ സ്റ്റേറ്റ് ഐടി മിഷനും ഇൻഫർമേഷൻ കേരളാ മിഷനും സംയുക്തമായി സംഘടിപ്പിച്ച പരിപാടി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി. എം. ഷെഫീക്ക് ഉദ്ഘാടനം ചെയ്തു. ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ സേവന, സുലേഖ, സുചിത്ര, സൂചിക, സുഗമ തുടങ്ങിയ വിവിധങ്ങളായ സോഫ്റ്റുവെയറുകളാണ് ഉപയോഗിക്കന്നത്. ഇവയെല്ലാം ഏകീകരിച്ച് ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് കെ സ്മാർട്ട് ആപ്ലിക്കേഷൻ വികസിപ്പിച്ചിരിക്കുന്നത്. ആരംഭത്തിൽ നഗരസഭകളിലും കോർപ്പറേഷനുകളിലുമാണ് സേവനം ലഭ്യമാകുന്നത്. പരിശീലന പരിപാടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ കെ.കെ. സുബ്രമണ്യം അധ്യക്ഷത വഹിച്ചു. ഇൻഫർമേഷൻ കേരളാ മിഷനിലെ ജില്ലാ ടെക്നിക്കൽ ഓഫീസർ ബേസിൽ ദാസ് സക്കറിയ അക്ഷയ സംരംഭകർക്ക് പരിശീലനം നല്കി. അക്ഷയ സംരംഭകർക്കായി കോമൺ സർവീസ് സെന്റർ പോർട്ടൽ വഴിയുള്ള സേവനങ്ങൾ സംബന്ധിച്ച് സി എസ് സി സംസ്ഥാന കോഓഡിനേറ്റർ ജിനോ ചാക്കോ വിശദീകരിച്ചു. അക്ഷയ ജില്ലാ പ്രോജകട് മാനേജർ ചിഞ്ചു സുനിൽ, അക്ഷയ ജില്ലാ ഓഫീസ് ജീവനക്കാർ, അക്ഷയ സംരംഭകർ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

# ഐ ഇ ഐ സിവിൽ എഞ്ചിനിയറിങ് ഡിവിഷൻ: ഡോ. അനിൽ ജോസഫ് ചെയർമാൻ



**കൊച്ചി:** ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഇന്ത്യയുടെ (ഐ ഇ ഐ) സിവിൽ എൻജിനീയറിങ് ഡിവിഷൻ ബോർഡിന്റെ 2023 24 സെഷനിൽ ചെയർമാനായി ഡോ. അനിൽ ജോസഫിനെ നിയമിച്ചു.നിലവിൽ, ഇന്ത്യൻ ജിയോ ടെക്നിക്കൽ സൊസൈറ്റിയുടെ ദേശീയ പ്രസിഡന്റ്, ഇന്ത്യൻ അസോസിയേഷൻ ഓഫ് സ്ട്രക്ചറൽ എഞ്ചിനീയേഴ്സിന്റെ നാഷണൽ ഗവേണിംഗ് കൗൺസിൽ അംഗം, കൊച്ചിയിലെ ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ, കൊച്ചിയിലെ ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ വൈസ് ചെയർമാൻ, കൊച്ചി റീജണൽ സ്പോർട്സ് സെന്റർ വൈസ് പ്രസിഡന്റും കേരള മാനേജ്മെന്റ് അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുകയാണ് അദ്ദേഹം. കൊച്ചി ആസ്ഥാനമായുള്ള പ്രമുഖ ജിയോ ടെക്നിക്കൽ ആൻഡ് സ്ട്രക്ചറൽ കൺസൾട്ടൻസി സ്ഥാപനമായ ജിയോ സ്ട്രക്ചറൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ കൂടിയാണ് അദ്ദേഹം.എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി മേഖലയിലെ ലോകത്തിലെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് പ്രൊഫഷണൽ സ്ഥാപനമാണിത്. ഇന്ത്യയിലും വിദേശത്തുമായി 125 കേന്ദ്രങ്ങളിലായി ഒരു ദശലക്ഷത്തിലധികം അംഗങ്ങളാണ് ഇൻസ്റ്റിറ്റിയൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഇന്ത്യയിലുള്ളത്. കൂടാതെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 85,000ത്തിലധികം കോർപ്പറേറ്റ് അംഗത്വമു്. 1920ൽ സ്ഥാപിതമായ സ്ഥാപനത്തിന്റെ ആസ്ഥാനം കൊൽക്കത്തയിലാണ്.

# വിദ്യാർത്ഥികൾക്കായി കളമശ്ശേരിയിൽ ക്രിയേറ്റേഴ്സ് സയൻസ് ക്യാമ്പ്

**കൊച്ചി:** വിദ്യാർത്ഥികൾക്കായി അസാപ് കേരളാ ഡ്രീം കിറ്റ് ജനുവരി 13,14 തീയതികളിൽ ദ്വിദിന ക്രിയേറ്റേഴ്സ് സയൻസ് ക്യാമ്പ് സംഘടിപ്പിക്കുന്നു. 2024 ജനുവരി 13,14 തീയ്യതികളിൽ കളമശ്ശേരി അസാപ് കേരളാ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ മൂന്ന് മുതൽ ഒൻപതാം തരം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ക്യാമ്പിന് ശേഷം 500 രൂപ വിലമതിക്കുന്ന റോബോട്ടിക് ടോയ് കിറ്റ് ലഭിക്കും. ര് ദിവസം നീു നിൽക്കുന്ന ക്യാമ്പിൽ വിദഗ്ധരായ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ ഡിസൈൻ തിങ്കിങ്, റോബോട്ടിക്സ്, കോഡിങ്, മൊബൈൽ അപ്ലിക്കേഷൻ നിർമ്മാണം തുടങ്ങിയവയുടെ ബാലപാഠങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ചെറിയ റോബോട്ടിക് കളിപ്പാട്ടങ്ങളുടെ നിർമ്മാണവും, ഗെയിംസും ഉൾപ്പെടുത്തി നടത്തപ്പെടുന്ന ക്യാമ്പ് പൂർണ്ണസമയവും വിദ്യാർത്ഥികൾ പ്രായോഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. രാം ദിവസം അവസാനത്തോടെ ക്യാമ്പ് അംഗങ്ങൾ വികസിപ്പിക്കുന്ന മെഗാപ്രൊജക്റ്റ് രക്ഷിതാക്കൾക്ക് മുൻപിൽ അവതരിപ്പിക്കുകയും ചെയ്യും. വേ്േ://ഹശിസ.മമൈരു.ശി/രരെലസാ എന്ന ലിങ്കിലോ 97785 98336, 99956 18202 എന്ന നമ്പറിൽ വിളിച്ചോ ക്യാമ്പിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 999 രൂപയാണ് ക്യാമ്പ് ഫീസ് ഈടാക്കുന്നത്.

# ജ്യോതി സിഎൻസി ഓട്ടോമേഷൻ ലിമിറ്റഡ് ഐപിഒ ജനുവരി 9 മുതൽ

**കൊച്ചി:** മുൻനിര സിഎൻസി(മെറ്റൽ കട്ടിങ് കമ്പ്യൂട്ടർ ന്യൂമറിക്കൽ കൺട്രോൾ) മെഷീൻ ഉത്പാദകരായ ജ്യോതി സിഎൻസി ഓട്ടോമേഷൻ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ജനുവരി 9 മുതൽ 11 വരെ നടക്കും. 1000 കോടി രൂപയുടെ പുതിയ ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ര് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 315 രൂപ മുതൽ 331 രൂപ വരെയാണ് പ്രൈസ് ബാൻ!ഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 45 ഓഹരികൾക്കും തുടർന്ന് 45 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

### ദേശീയ സരസ്മേള;

# റെക്കോർഡ് നേട്ടത്തിൽ എറണാകുളം ; ഭക്ഷ്യമേളയിൽ 1.39 കോടിയുടെ വിൽപ്പന

**കൊച്ചി:** വൈവിധ്യങ്ങളുടെ ആഘോഷ ദിനരാത്രിങ്ങൾ ഒരുക്കി കൊച്ചിയിൽ നടന്ന പത്താമത് ദേശീയ സരസ് മേള സമാപിക്കുമ്പോൾ റെക്കോർഡ് നേട്ടം കൈവരിച്ചിരിക്കുകയാണ് എറണാകുളം. 1.39 കോടി രൂപയുടെ വിറ്റു വരവുമായി സരസിന്റെ ചരിത്രത്തിൽ ഭക്ഷ്യമേളയിലെ ഏറ്റവും കൂടുതൽ വിറ്റു വരവ് എന്ന നേട്ടം സ്വന്തമാക്കിയിരിക്കുകയാണ് കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന സരസ് മേള. ഒരു ദിവസം 20 ലക്ഷം രൂപയുടെ വരെ വിറ്റു വരവ് നേടിക്കൊണ്ട് ഒരു ദിവസത്തെ ഏറ്റവും ഉയർന്ന വിറ്റുവരവ് എന്ന നേട്ടം കൈവരിക്കാനും കൊച്ചി സരസിലെ ഭക്ഷ്യ മേളക്കായി.40 ഭക്ഷ്യ സ്റ്റാളുകളും 250 വിപണന സ്റ്റാളുകളുമാണ് മേളയിൽ ഉണ്ടായിരുന്നത്. വിപണന സ്റ്റാളുകളിൽ നിന്ന് 1.04കോടി രൂപയുടെ വിറ്റു വരവ് നേടി. ആകെ 11.83 കോടി രൂപയുടെ വിറ്റ് വരവാണ് കൊച്ചി സരസ്മേള നേടിയത്.മേളയിൽ ഏറ്റവും ജനപ്രിയമായി മാറിയത് കഫേ കുടുംബശ്രീ ഇന്ത്യ ഫുഡ് കോർട്ട് ആയിരുന്നു. ഇന്ത്യ ഓൺ എ പ്ലേറ്റ് എന്ന ആശയത്തിൽ ഒരുക്കിയ ഭക്ഷ്യ മേള വഴി ഇന്ത്യയുടെ രുചി വൈവിധ്യങ്ങൾ വിളമ്പാൻ സരസിന് കഴിഞ്ഞു. 40 ഫുഡ് കോർട്ടുകളിലായി 156 സംരംഭകരാണ് ഇന്ത്യൻ ഫുഡ് കോർട്ടിന്റെ ഭാഗമായി അണിനിരന്നത്. സിക്കിം, അരുണാചൽ പ്രദേശ്, ഉത്തർപ്രദേശ്, ലക്ഷദ്വീപ്, ഉത്തരാഖണ്ഡ്, മഹാരാഷ്ട്ര, കർണാടക എന്നിവിടങ്ങളിൽ നിന്നായി ഓരോ യൂണിറ്റുകളും രാജസ്ഥാനിൽ നിന്ന് മൂന്ന് യൂണിറ്റുകളുമാണ് മേളയിൽ പ്രവർത്തിച്ചത്. എറണാകുളം ജില്ലയിൽ നിന്ന് 9 ഫുഡ് സ്റ്റാളുകളും വയനാട് ജില്ലയിൽ നിന്ന് പുൽപ്പള്ളിയുടെയും തിരുനെല്ലിയുടെയും ഓരോ സ്റ്റാളുകളും എല്ലാ ജില്ലകളിൽ നിന്നുമുള്ള ഓരോ യൂണിറ്റുകളുമുണ്ടായിരുന്നു.39000 ചതുരശ്ര അടി വിസ്തീർണത്തിൽ ഫുഡ് കോർട്ടുകളും 5000 ചതുരശ്ര അടിയിൽ അടുക്കളയുമായി സജ്ജമാക്കിയ ഭക്ഷ്യമേളയുടെ ഏറ്റവും വലിയ പ്രത്യേകത തുറന്ന അടുക്കളയായിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവർ ഒരു അടുക്കളയിൽ നിന്നുകൊണ്ടാണ് ഇന്ത്യൻ രുചി വൈവിധ്യം ആസ്വാദകരിലേക്ക് എത്തിച്ചത്. കുടുംബശ്രീയുടെ പരിശീലന ഗവേഷണ കേന്ദ്രമായ ഐഫ്രത്തിലെ പാചക വിദഗ്ധരാണ് അടുക്കളക്ക് നേതൃത്വം നൽകിയത്. ഓരോ വിഭവങ്ങളും ഷെഫുമാരുടെ ഡെസ്ക്കിലെത്തി പരിശോധനയ്ക്കുശേഷമാണ് ഫുഡ് കോർട്ടുകളിൽ വിളമ്പിയത്.കുടുംബശ്രീയുടെ പരിശീലന ഗവേഷണ ടീമായ ഏക്സാഥ് കുടുംബശ്രീ സംരംഭമായ 360 മീഡിയയുടെ സഹകരണത്തോടെയാണ് ഫുഡ് സ്റ്റാളുകൾ രൂപകൽപ്പന ചെയ്തത്. ഫുഡ് സ്റ്റാളുകളുടെ തൂണുകൾ ഇന്ത്യൻ കലകളും സംസ്കാരവും സമന്വയിപ്പിച്ചുകൊണ്ട് മനോഹരമായാണ് രൂപകൽപ്പന ചെയ്തത്. ഭക്ഷ്യ രുചികളും കലാ സാംസ്കാരിക പരിപാടികളും ഒരുമിച്ച് ആസ്വദിക്കാൻ കഴിയുന്ന രീതിയിലാണ് ഫുഡ് കോർട്ട് സജ്ജീകരിച്ചത്. ഓരോ ദിവസവും ഭക്ഷ്യമേളയിലെ ഓരോ സംരംഭകർക്ക് ലഭിക്കുന്ന തുകയുടെ 20 ശതമാനം കുടുംബശ്രീ ഈടാക്കിയിരുന്നു. കുടുംബശ്രീയുടെയും ദേശീയ ഉപജീവന മിഷന്റെയും നേതൃത്വത്തിൽ വിപണന സ്റ്റാളുകളും ഭക്ഷ്യമേളകളും കലാസാംസ്കാരിക പരിപാടികളുമായി കൊച്ചിയുടെ ക്രിസ്മസ് പുതുവത്സര ആഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ സരസിന് കഴിഞ്ഞു.

## സയന്റിസ്റ്റ് ഒഴിവ്

**തിരുവനന്തപുരം:** കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്ററിൽ (കെ എസ് ടി എസ് ടി ഇ നാറ്റ്പാക്) സയന്റിസ്റ്റിന്റെ (പട്ടികജാതി വിഭാഗം) സ്ഥിര ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യരായ ഉദ്യോഗാർഥികൾ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ സഹിതം ഡയറക്ടർ, കെ എസ് ടി എസ് ടി ഇ നാറ്റ്പാക്, കെ കരുണാകരൻ ട്രാൻസ്പാർക്, ആക്കുളം, തുറുവിക്കൽ പി ഒ, തിരുവനന്തപുരം 695011 എന്ന വിലാസത്തിൽ ഫെബ്രുവരി രണ്ടിന് മുമ്പ് ലഭിക്കത്തക്കവിധം നിർദിഷ്ട ഫോമിൽ അപേക്ഷ സമർപ്പിക്കണം. യോഗ്യത, പ്രായപരിധി, ശമ്പള നിരക്ക്, അപേക്ഷ ഫോം തുടങ്ങിയ വിവരങ്ങൾക്ക് www.natpac.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സർക്കാരിനോട് ശുപാർശ ചെയ്തു

**തിരുവനന്തപുരം:** പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നൽകി വരുന്ന ടേൺ അനുസരിച്ച് നിയമനം നൽകാനുതകുന്ന രീതിയൽ 2015 ലെ കേരള ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് ചട്ടങ്ങളിലും അനുബന്ധത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തി സംവരണാനുകൂല്യങ്ങൾ പുനസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തു.

# വനിതാ സംരംഭകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു



**കൊച്ചി :**ജീവിത സ്വപ്നങ്ങളെ അഭിരുചിക്കൊത്തവിധം പരിപോഷിപ്പിച്ച് സ്വയം പര്യാപ്തതയിലേക്കു മുന്നേറാൻ ലഭിക്കുന്ന അവസരങ്ങൾ വനിതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ജില്ലാ പഞ്ചായത്ത് ആക്ടിംഗ് പ്രസിഡൻറ് സനിത റഹിം അഭിപ്രായപ്പെട്ടു.നബാർഡിൻറെ സൂക്ഷ്മ സംരംഭകത്വ വികസന പദ്ധതിയുടെ സഹകരണത്തോടെ എറണാകുളംഅങ്കമാലി അതിരൂപത സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയ വനിതകൾക്കായി സംഘടിപ്പിച്ച വിമൻസ് ബോട്ടിക്ക് ബിസിനസ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. പൊന്നുരുന്നി കർദിനാൾ പാറേക്കാട്ടിൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച യോഗത്തിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അധ്യക്ഷനായിരുന്നു. നബാർഡ് എറണാകുളം ജില്ലാ ഡവലപ്മെന്റ് മാനേജർ അജീഷ് ബാലു മുഖ്യപ്രഭാഷണം നടത്തി. ടെയിലറിംഗ് , ബ്യൂട്ടീഷ്യൻ കോഴ്സുകളിൽ സ്റ്റൈപ്പെൻഡോടുകൂടി 15 ദിവസത്തെ സൗജന്യ പരിശീലനം നേടിയ 30 വനിതകൾക്കുള്ള സർട്ടിഫിക്കറ്റുകൾ സനിത റഹിം വിതരണം ചെയ്തു. പരിശീലനം പൂർത്തിയാക്കിയവർക്ക് ജെ. എൽ. ജി. കൾ വഴി സംരംഭങ്ങൾ തുടങ്ങാനുള്ള സാമ്പത്തിക പിന്തുണയും ഇൻഷുറൻസ് സംരക്ഷണവും ക്രമീകരിക്കുമെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ പറഞ്ഞു. സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, ജനറൽ മാനേജർ പാപ്പച്ചൻ തെക്കേക്കര, പ്രോഗ്രാം ഓഫീസർ കെ. ഓ. മാത്യുസ്, പരിശീലക ജെസി, കോഴ്സ് കോ ഓർഡിനേറ്റർ ബേസിൽ പോൾ എന്നിവർ സംസാരിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com